പത്തനംതിട്ട ജില്ലയിൽ പന്തളം ഉപജില്ലയിലെ ഒരു സർക്കാർ പള്ളിക്കൂടമാണ് നോമ്പിഴി ഗവ.എൽ പി.സ്കൂൾ.1886 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ ഇപ്പോൾ 65 കുട്ടികൾ പഠിക്കുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മുന്നിൽ നിൽക്കുന്ന ഈ സ്കൂൾ മാതൃഭൂമി സീഡ്
പദ്ധതിയിൽ തുടക്കം മുതൽക്കേ അംഗമായിരുന്നു.പത്തനംതിട്ട ജില്ലയിൽ ഹരിതവിദ്യാലയ റാങ്കിങ്ങിൽ ഈ സ്കൂളിന് A+ ഗ്രേഡ് നേടാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ പ്രഥമാധ്യാപകൻ ശ്രീ.സുദർശനൻ പിള്ളയുടേയും സീഡ് ടീച്ചർ കോഡിനേറ്റർ ശ്രീമതി ജയന്തി .എസ്സ് ൻ്റെയും നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നു.

## കാർഷികം

ഒരു ഏക്കറോളം ഭൂമിയുള്ള ഈ വിദ്യാലയത്തിൽ കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി വരുന്നു. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നു. അതിൻ്റെ ഗുണവശങ്ങളും വെല്ലുവിളികളും ചർച്ച ചെയ്തിട്ടുണ്ട്. കുട്ടികളുടെ വീടുകളിൽ അടുക്കളകൃഷിത്തോട്ടം ഒരുക്കിയിട്ടുണ്ട്. അധ്യാപകർ കുട്ടികളുടെ അടുക്കളതോട്ടങ്ങൾ സന്ദർശിക്കാറുണ്ട്.വീടുകളിലെ ഭക്ഷണ അവശിഷ്ടങ്ങൾ ജൈവവളമാക്കി മാറ്റുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. വിവിധയിനം മണ്ണിനങ്ങളെപ്പറ്റിയും മേൽമണ്ണ് സംരക്ഷിക്കേണ്ടതിൻ്റെ ആവശ്യകതയെപ്പറ്റിയും ക്ലാസ്സ്

നൽകിയിട്ടുണ്ട്. മണ്ണുസംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കാളികളാകുന്നുണ്ട്.

## ജല, ഊർജ്ജ, ജൈവവൈവിധ്യ സംരക്ഷണം

സ്കൂളിലെ കിണർ വെള്ളത്തിൻ്റെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട്സൂക്ഷിച്ചിട്ടുണ്ട്. പ്രദേശത്തെ ജലസ്രോതസുകളെക്കുറിച്ച് കുട്ടികൾക്ക് അറിവ്

നൽകിയിട്ടുണ്ട്. ജലസംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളിലും വീടുകളിലും ജലം സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.അടുക്കളയിൽ പാത്രങ്ങൾ വൃത്തിയാക്കിയ വെള്ളം അടുക്കളകൃഷിയിലെ

ചെടികൾക്ക് നൽകുന്നുണ്ട്. വൈദ്യുതോർജ്ജം ലാഭിക്കേണ്ടതിൻ്റെആവശ്യകത വ്യക്തമാക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി.പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് കെ എസ് .ഇ.ബി അസിസ്റ്റൻ്റ് എൻജിനീയർ ക്ലാസ്സ് നയിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയുംചെയ്തു.വിവിധ പ്രവർനങ്ങളിലൂടെ എത്രമാത്രം ഊർജ്ജം ലാഭിക്കുവാൻകഴിഞ്ഞു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## ജൈവവൈവിധ്യ സംരക്ഷണം

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൻ്റെ അംഗീകാരം കിട്ടിയസ്കൂളാണിത്. ജൈവവൈവിധ്യ ക്ലബ്ബിൽ അംഗമാണ്. ജൈവവൈവിധ്യഉദ്യാനം ഉണ്ട്. 27 നക്ഷത്രങ്ങളുടേയും മരങ്ങൾ സംരക്ഷിക്കുന്ന നക്ഷത്ര വനം

സ്കൂൾ കോമ്പൗണ്ടിൽ ഉണ്ട്. പൂമ്പാറ്റക്കൊരു പൂന്തോട്ടം പദ്ധതി പ്രകാരംശലഭോദ്യാനം ഒരുക്കിയിട്ടുണ്ട്. ഉദ്യാനനത്തിൽ 100 ൽ പരം ചെടികൾ നട്ടുസംരക്ഷിച്ചു പോരുന്നു. മധുര വനം ഒരുക്കുന്നതിൻ്റെ ഭാഗമായി വിവിധ

തരം ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നു. നാട്ടുമാവ്, പ്ലാവ്, പേര, സപ്പോർട്ട,ലെവലോലി, പറങ്കിമാവ്, നാരകം, റമ്പൂട്ടാൻ തുടങ്ങി വിവിധഫലവൃക്ഷങ്ങൾ സംരക്ഷിച്ചു പോരുന്നു.സ്കൂൾ കോമ്പൗണ്ടിലെ മുഴുവൻജീവജാലങ്ങളെയും ഉൾപ്പെടുത്തി ജൈവ വൈവിധ്യ രജിസ്റ്റർതയ്യാറാക്കിയിട്ടുണ്ട്. ഓരോ വർഷവും അത് പുതുക്കി തയ്യാറാക്കുന്നു. എല്ലാചെടികൾക്കും മരങ്ങൾക്കും QR കോഡ് ഉൾപ്പെടെയുള്ള നെയിംബോർഡ്തയ്യാറാക്കി വരുന്നു. 150 വർഷം പഴക്കമുള്ള പറങ്കിമുത്തശ്ശിയെ ജൈവവൈവിധ്യ ബോർഡ് പൈതൃക വൃക്ഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിൻ്റെ സംരക്ഷണവും ഏറ്റെടുത്തു ചെയ്തു വരുന്നു.

## ശുചിത്വം, ആരോഗ്യം

വിദ്യാർത്ഥികളിൽ ശുചിത്വബോധവും വളർത്തിയെടുക്കുവാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ മെഡിക്കൽക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു.പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്പ്രൈമറി ഹെൽത്ത് സെൻ്റർ നേതൃത്വം നൽകി. കുട്ടികളുടെ നേത്രപരിശോധന നടത്തി. വിരഗുളികയും അയൺ ഗുളികയും കൃത്യമായിവിതരണം ചെയ്യുന്നുണ്ട്. ലഹരിക്കെതിരെ സീഡ് ജാഗ്രതാ സമിതി

രൂപീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ വായനയിലേക്ക് ആകൃഷ്ടരാക്കാൻവായനയുടെ ലഹരി കാമ്പയിൻ നടത്തി. ഒരു കുട്ടി ഒരു വർഷം കൊണ്ട്ഏറ്റവും കുറഞ്ഞത് 50 പുസ്തകങ്ങളെങ്കിലും വായിക്കണമെന്ന നിബന്ധനവച്ചു. വായനാ കുറിപ്പ് തയ്യാറാക്കി.ഒരു മിച്ച് കളിക്കുവാനുള്ള സന്ദർഭങ്ങൾ ഒരുക്കി. അതിലൂടെ ലഭിക്കുന്ന ശാരീരികവും മാനസികവുമായ ഗുണങ്ങൾബോധ്യപ്പെടുത്തി ആഴ്ചയിൽ 2 മണിക്കൂർ വീതം ആകെ ഏറ്റവുംകുറഞ്ഞത് 50 മണിക്കൂർ കളികൾക്കായി വിനിയോഗിക്കുവാൻ കഴിഞ്ഞു.

## സുരക്ഷ, ബാലാവകാശം

സുരക്ഷാ ക്ലബ്ബ് രൂപീകരിച്ചിട്ടുണ്ട്.നിലവിലുള്ള സുരക്ഷാമാർഗ്ഗങ്ങളെക്കുറിച്ച്പഠിക്കുകയും പുതിയ സുരക്ഷാമാർഗ്ഗങ്ങളെക്കുറിച്ച് കുട്ടികളിൽബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. മൃഗങ്ങളുടെ ആക്രമണം, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ സന്ദർഭങ്ങളിൽ ചെയ്യേണ്ട പൊതുവായകാര്യങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തിൻ്റെസഹായത്തോടെ പ്രഥമ ശുശ്രൂഷാ ക്ലാസ്സുകൾ കുട്ടികൾക്ക് നൽകിയിട്ടുണ്ട്.സെൽഫ് ഡിഫൻസിൻ്റെ ഭാഗമായി കരാട്ടെയിൽ കുട്ടികൾക്ക് പരിശീലനംനൽകിയിട്ടുണ്ട്.

## ലവ് പ്ലാസ്റ്റിക്

പ്ലാസ്റ്റിക് മാലിന്യം എന്ന മഹാവിപത്തിനെ തടയുന്നതിനായി വിവിധപ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പിലാക്കിവരുന്നു. ഓരോ ക്ലാസ്സിലും പ്ലാസ്റ്റിക്മാലിന്യങ്ങൾ ശേഖരിക്കാൻ മാതൃഭൂമി സീഡ്

ലഭ്യമാക്കിയ ചാക്കുക്കൾസ്ഥാപിച്ചു.7 മാസം കൊണ്ട് 10 kg പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച്മാതൃഭൂമി സീഡിന് കൈമാറി തുടർന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ എല്ലാ മാസവും ഹരിത കർമ്മ സേനക്ക്കൈമാറുന്നുണ്ട്. കുട്ടികൾ കുപ്പിവെള്ളം, ടിഫിൻ ബോക്സ് ,എന്നിവക്ക്പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉപയോഗിക്കുന്നില്ല. പ്ലാസ്റ്റിക് രഹിത കാമ്പസാക്കി മാറ്റുവാൻ കഴിഞ്ഞിട്ടുണ്ട്

മാതൃഭൂമി സീഡ് കുട്ടികൾക്കായി നടത്തിയിട്ടുള്ള എല്ലാ മത്സരങ്ങളിലും പങ്കെടുത്ത് വിജയം നേടിയിട്ടുണ്ട്

## ഗ്രോ ഗ്രീൻ പ്രോജക്റ്റിൻ്റെ ഭാഗമായി പച്ചക്കറിതൈകൾ ലഭിച്ചവർ

1. നിവേദ്യ M
2. അർത്ഥനാ രാജേഷ്
3. മാധവ് വി നായർ
4. രശ്മി R
5. കാശിനാഥ്.വി

## ഫ്രൂട്ട് പ്ലാൻ്റ് ലഭിച്ചവർ

1. നിവേദ്യ M
2. രശ്മി R
3. സന്ദൂപ് കൃഷ്ണൻ
4. അർത്ഥനാ രാജേഷ്
5. കാശിനാഥ് വി
6. മാധവ് വി.നായർ

## അടുക്കളത്തോട്ടം ഫോട്ടോഗ്രാഫിയിലും ചിത്രരചനാ മത്സരത്തിലുംവിജയിച്ച് സമ്മാനം നേടിയവർ

1. മാധവ് വി.നായർ

*നോമ്പിഴി ഗവൺമെൻ്റ് എൽ.പി.സ്കൂളിലെ മാതൃഭൂമി സീഡിൻ്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ തല പ്രവർത്തനങ്ങളുടെ വാർത്തകൾ മാതൃഭൂമി പത്രത്തിന് നൽകുകയും അത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പൂർണ്ണമായും ഹരിത ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഈ സ്കൂളിൻ്റെ 2023 _24 വർഷത്തെ പ്രവർത്തന റിപ്പോർട്ട് വിലയിരുത്തലിനായി സമർപ്പിക്കുന്നു.*